പാലിന്റെ ഗുണമേന്മ പരിശോധന

*6 [565] ശ്രീ. വർക്കല കഹാർ:

" എം. എ. ചന്ദ്രശേഖൻ:

പ്രൊഫ. എ. ഡി. മുസ്തഫ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മൊത്തം ആവശ്യമുള്ള പാൽ എത്രയാണ്;

(ബി) അതിൽ സംസ്ഥാനത്ത് ഉൽപ്പാദിപ്പിക്കുന്നത് എത്ര;

(സി) സംസ്ഥാനത്തിന് ആവശ്യമുള്ള ബാക്കി പാൽ ഏതെല്ലാം വിധത്തിൽ കണ്ടെത്തുന്നു;

(ഡി) സംസ്ഥാനത്തിന് പുറത്തുനിന്നും കൊണ്ടുവരുന്ന പാലിന്റെ ഗുണമേന്മ പരിശോധിക്കാറുണ്ടോ;

(ഇ) ഈ പരിശോധനയിൽ ഗുണമേന്മ കുറഞ്ഞ പാൽ സംസ്ഥാനത്തേക്ക് കൊണ്ടുവരുന്നതായി കണ്ടെത്തിയിട്ടുണ്ടോ;

(എഫ്) മിൽമയുടെ പാലിൽ പാൽപൊടി കലർത്തുന്നുണ്ടോ; എങ്കിൽ എത്ര ശതമാനം എന്ന് വെളിപ്പെടുത്തുമോ?

കൃഷിയും കയറും വകുപ്പുമന്ത്രി (ശ്രീമതി കെ. ആർ. ഗൗരിയമ്മ):

(എ) പ്രതിവർഷം 32.7 ലക്ഷം മെട്രിക് ടൺ.

(ബി) 21.1 ലക്ഷം മെട്രിക് ടൺ.

(സി) പാൽപ്പൊടി ഉപയോഗിച്ചും അന്യസംസ്ഥാനങ്ങളിൽ നിന്ന് കൊണ്ടു വന്നും ബാക്കി പാൽ കണ്ടെത്തുന്നു.

(ഡി) ഉണ്ട്.

(ഇ) ഉണ്ട്.

(എഫ്) ഉണ്ട്. 103 കിലോഗ്രാം പാലിന് ഉദ്ദേശം 206 ഗ്രാം സ്കിംഡ് മിൽക്ക് പൗഡർ (പാൽപൊടി) ചേർക്കേണ്ടതായി വരുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly